ഐ.ജെ.എം
ഹയർ സെക്കണ്ടറി സ്കൂൾ
കൊട്ടിയൂർ

പി.ഒ.കൊട്ടിയൂർ – 670651, കണ്ണൂർ ജില്ല
തലശ്ശേരി വിദ്യാഭ്യാസ ജില്ല, ഇരിട്ടി ഉപജില്ല

# വെളിച്ചം

## സ്കൂൾ മാസ്റ്റർ പ്ലാൻ

# സ്കൂൾ ചരിത്രം

1976 മെയ് -14 ന് കൊട്ടിയൂർ ജനതയുടെ കുടിയേറ്റ സംരകമായി Immigration Jubilee Memmorial School (IJMHSS) സ്ഥാപിക്കുകയും മാർ സെബാസ്റ്റ്യൻ വള്ളോപള്ളി പിതാവിന്റെ മഹനീയ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ശ്രീ.ടി.എസ്. ജോൺ സ്കൂൾ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. റവ. ഫാ. തോമസ് മണ്ണൂർ ആദ്യത്തെ മാനേജരും സി. ലിറ്റിൽഫ്ലവർ പ്രധാന അധ്യാപികയും ആയിരുന്നു. 1980-ൽ മാനന്തവാടി രൂപതാ കോർപ്പറേറ്റിൽ ലയിച്ച ഈ വിദ്യാലയം 2000-ൽ ഹയർ സെക്കണ്ടറി ഉയർത്തപ്പെട്ടു. കൊട്ടിയൂർ പഞ്ചായത്തിലെ ഏക ഹയർ സെക്കണ്ടറി കൂടിയാണ് ഈ വിദ്യാലയം. 2000 ഓഗസ്റ്റ് 1-ന് രണ്ട് സയൻസ്, ഒരു കോമേഴ്സ് ബാച്ചുകളായി ഹയർ സെക്കണ്ടറി വിഭാഗത്തിൽ അധ്യയനം ആരംഭിച്ചു. പിന്നീട് അനുവദിച്ചു കിട്ടിയ ഹ്യൂമാനിറ്റീസ് ബാച്ചിൽ 2011 സെപ്റ്റംബർ 16-ന് ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു.

## അക്കാദമിക നേട്ടങ്ങൾ

8,9,10 ക്ലാസുകളിലായി 14 ഡിവിഷനുകൾ ഉള്ള ഈ വിദ്യാലയം മലയോര മേഖലയിലെ പ്രമുഖ വിദ്യാലയങ്ങളിൽ ഒന്നാണ്. 2014 15 വർഷം മുതൽ രണ്ടുതവണ തുടർച്ചയായി 100% വിജയം നേടുന്നു. 2024- 25 അധ്യായന വർഷത്തിൽ 100% വിജയവും 60 ഫുൾ എ പ്ലസും കരസ്ഥമാക്കി സ്കോളർഷിപ്പിനും ടാലന്റ് സർച്ച് എക്സാമിനും വിദ്യാർത്ഥികളെ ഒരുക്കി സ്കോളർഷിപ്പിന് വിദ്യാർത്ഥികളെ അർഹരാക്കുന്നുണ്ട്.

### മറ്റു നേട്ടങ്ങൾ

2023-24 വർഷത്തിൽ കണ്ണൂർ ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സിനുള്ള അവാർഡ് IJMHS സ്വന്തമാക്കി. ഉപജില്ലാതല പ്രവൃത്തി പരിചയ മേളയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ശാസ്ത്രമേള, ഐ ടി മേളകളിൽ റണ്ണേഴ്സ് അപ്പും ഗണിത ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേളകളിൽ മികച്ച വിജയവും ഈ വിദ്യാലയം കരസ്ഥമാക്കി. കലാ കായിക മേളകളിലും മികച്ച പ്രകടനം കാഴ്ചവെക്കാനും സാധിച്ചു.

വിവിധ ക്ലബുകളുടെ പ്രവർത്തനം ഏറ്റവും മനോഹരമായി സ്കൂളിൽ നടന്നു വരുന്നു. വിദ്യാരംഗം കലാസാഹിത്യവേദി, സബ്ജില്ലാ അടിസ്ഥാനത്തിൽ നടത്തിയ മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും ചെയ്തു. വായനാവാരം, സേവനവാരം തുടങ്ങിയ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും വിവിധങ്ങളായ പരിപാടികളോടെ ആചരിക്കുകയും ചെയ്തുവരാറുണ്ട്.

മികവാർന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗാത്മകത വികസിപ്പിച്ച് എടുക്കുന്നതിനുള്ള പദ്ധതികൾ ഇംഗ്ലീഷ് ക്ലബ് ആസൂത്രണം ചെയ്യുകയും പ്രാവർത്തികമാക്കുകയും ചെയ്തുവരുന്നു. വായനയും ഴുതും പ്രോത്സാഹിപ്പിക്കുന്നതിനായി ഇംഗ്ലീഷ് പത്ര വായന നടത്തുകയും, കവിതാരചന, ഉപന്യാസരചന, കഥാരചന എന്നെ പ്രവർത്തനങ്ങളും നടത്തി വരുന്നു. കൈയ്യെഴുത്തുമാസികകൾ ക്ലാസ് തലത്തിൽ തയ്യാറാക്കുകയും സെമിനാറുകൾ നടത്തുകയും ചെയ്തു. ഇംഗ്ലീഷിൽ ആശയ വിനിമയശേഷി വർധിപ്പിക്കുന്നതിനായി നാടകം, പ്രസംഗം, സംവാദം എന്നിവ സംഘടിപ്പിച്ചു.

ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാത്ഥികൾക്കായി അധ്യാപകരുടെയും മറ്റുകുട്ടികളുടെയും സഹായത്തോടെ പ്രത്യേക പരിശീലനം നൽകി വരുന്നു. തിരക്കഥാ ശില്പശാലകൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾ സ്വന്തമായി തിരക്കഥ രചിച്ച് ക്ലാസ്സ്ഥല മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഹിന്ദി സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളും മറ്റും നടത്തി വരുന്നു.

കുട്ടികളിലെ കഴിവുകളെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സോഷ്യൽ സയൻസ് ക്ലബ്ബും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സബ്ജില്ലാ ശാസ്ത്രമേളയിൽ സോഷ്യൽസയൻസ് ക്വിസിന് നാലാംസ്ഥാനം കരസ്ഥമാക്കാൻ സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങൾക്ക് സാധിച്ചു.

വളരെ മികവുറ്റ രീതിയിൽ ഗണിതശാസ്ത്ര ക്ലബ്ബ് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സബ്ജില്ല തല ക്വിസ് മത്സാരാതിനു നാലാം സ്ഥാനവും സബ്ജില്ലാ തല മാത്സ് ഫെയറിൽ പസ്സിൽ, ഗെയിം, ഗ്രൂപ്പ് പ്രോജെക് എന്നിവയിൽ രണ്ടും മൂന്നും സ്ഥാനവും എ-ഗ്രേഡും ലഭിക്കുകയുണ്ടായി. ഗണിതശാസ്ത്രക്ലബ് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. ക്വിസ് മത്സരങ്ങൾ, ഗണിതശാസ്ത്രജ്ഞന്മാരുടെ ജിവചരിത്രം തയ്യാറാക്കൽ, പ്രബന്ധം അവതരണം, സെമിനാറുകൾ തുടങ്ങിയവ നടത്തിവരുന്നു. ഗണിതതത്വങ്ങൾ പ്രയോഗികതയിൽ വരുത്തുവാൻ ലഭിക്കുന്ന അവസരങ്ങൾ പ്രാക്ടിക്കലായി ഉപയോഗപ്പെടുത്തുന്നു.

ഐ.ടി മേഖലയിൽ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനായി ഐ.ടി. ക്ലബ്ബ് പ്രവർത്തിക്കുന്നു. ഇരിട്ടി ഉപജില്ലായിലെ ഹൈസ്കൂളുകളിൽ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഒരു ക്ലബ്ബാണ് ഈ സ്കൂളിലെ ഐ.ടി.ക്ലബ്ബ് . ഐ.ടി. പ്രൊജക്റ്റ് മത്സരത്തിൽ A-ഗ്രേഡോടു കൂടി സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടിയ ജില്ലയിലെ ആദ്യ വിദ്യാലയമെന്ന പ്രസിദ്ധിയും ഈ സ്കൂളിലെ ഐ.ടി.ക്ലബ്ബിനുണ്ട്. ഐ.ടി. ക്ലബ്ബ്, കുട്ടിക്കൂട്ടം എന്നിവയുടെ നേതൃത്വത്തിൽ സ്കൂൾ വിക്കിയുടെ അപ്ഡേഷൻ, ഡിജിറ്റൽ മാഗസിൻ നിർമ്മാണം, മലയാളം ടൈപ്പിംഗ് പരിശീലനം എന്നിവയും നടത്തി വരുന്നു.

കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനം മികവുറ്റ രീതിയിൽ നടത്തിവരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതിദിന സന്ദേശം നൽകുകയും, സ്കൂൾ ഗ്രൗണ്ടിൽ വൃക്ഷതൈ നടുകയും, പരിസ്ഥിതി ദിന പ്രതിജ്ഞ എടുക്കുകയും ചെയ്തു പോസ്റ്റർ മത്സരം, കഥാകവിതാരചന മത്സരവും നടത്തി. ചാന്ദ്രദിനത്തോടനുബന്ധിച്ച് അസംബ്ലിയിൽ ചാന്ദ്രദിനക്വിസ് മത്സരം, വീഡിയോപ്രദർശനം, ചന്ദ്രനിലേക്ക് ഒരു എസ്. എം. എസ്. എന്ന പേരിൽ ഒരു എസ്. എം. എസ് മത്സരവും സംഘടിപ്പിച്ചു. അബ്ദുൾകലാം അനുസ്മരണ ദിനത്തിൽ അനുസ്മരണ പ്രസംഗവും, ബുള്ളറ്റിൻ ബോർഡ് പ്രദർശനവും നടത്തി. നാഗസാക്കി ദിനത്തിൽ മൗനപ്രാർത്ഥനയും, വീഡിയോ പ്രദർശനവും നടത്തി. സ്കൂൾ ശാസ്ത്രമേള വിവിധമേഖലകളിൽ നിന്നുള്ള ഓരോ പ്രവർത്തനവും നടത്തുകയും ചെയ്തു. ഉപജില്ല ശാസ്ത്രമേളയിൽ വ്യത്യസ്ഥ ഇനങ്ങളിൽ മത്സരിച്ച് ഉപജില്ലയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സി. വി. രാമൻ ഉപന്യാസ മത്സരത്തിൽ ക്ലബ് അംഗങ്ങൾക്ക് രണ്ടാം സ്ഥാനം ലഭിക്കുമായുണ്ടായി. ഇരിട്ടി ബി. ആർ. സി. യിൽ വെച്ച് നടന്ന ബാലശാസ്ത്രകോൺഗ്രസിന്റെ പ്രോജെക്ക് മത്സരത്തിൽ രണ്ട് ഗ്രൂപ്പുകൾ പങ്കെടുക്കുകയും രണ്ടു ഗ്രൂപ്പും അതാതു മേഖലയിൽ നാലാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ജില്ലാ ശാസ്ത്രോത്സവത്തിൽ സയൻസ് പ്രൊജക്ക് , സ്റ്റിൽ മോഡൽ എന്നിവയ്ക്ക് എ ഗ്രേഡ് ലഭിക്കുകയുണ്ടായി.

പ്രവർത്തിപരിചയ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മികവുറ്റ രീതിയിൽ സ്കൂളിൽ നടത്തിവരുന്നു. കുട്ടികളിലെ കഴിവുകൾക്കനുസരിച്ച് ക്ലാസ് അടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തി അതിൽ നിന്നും തിരഞ്ഞെടുത്തവർക്ക് മികച്ചരീതിയിൽ പരിശീലനം നൽകിവരുന്നു.

സ്പോർട്സ് ക്ലബ് മികവുറ്റ രീതിയിൽ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിവരുന്നു. സ്വതന്ത്രദിന പരിപാടിയിൽ വിവിധ ക്ലബ്ബുകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ മാസ് ഡ്രിൽ സംഘടിപ്പിക്കുകയും ചെയ്തു. സബ്ജില്ല കായിക മേളയിൽ അത്‌ലറ്റിക്സിൽ കുട്ടികൾ സബ്ജില്ലയിൽ നിന്ന് വിജയിച്ച് ജില്ലയിൽ മികച്ചപ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു. കരാട്ടെ നാഷണൽ നാഷണൽ മത്സരത്തിൽ രണ്ടു കുട്ടികൾക്ക് മൂന്നാം സ്ഥാനം ലഭിക്കുകയും, ആർച്ചറി മത്സരത്തിൽ ഒരു കുട്ടിക്ക് ജില്ലയിൽ മൂന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ നാലാം സ്ഥാനവും ലഭിക്കുകയുണ്ടായി.

ആർട്സ് ക്ലബ് വിവിധ രീതിയിലുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി വരുന്നു. കുട്ടികൾ ചെയ്യുകൊണ്ടുവരുന്ന വ്യത്യസ്ഥ ചിത്രങ്ങൾ ആർട്സ് ഗ്യാലറിയിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നും നല്ല ചിത്രകാരന്മാരെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുവരുന്നു. ജില്ലാതലത്തിലുള്ള മത്സരത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ ഇതുവഴി സാധിച്ചു.

കുട്ടികളിലെ വായനാശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം മികച്ച രീതിയിൽ നടത്തിവരുന്നു.

ജൂനിയർ റെഡ്ക്രോസ്സ് എന്ന സംഘടനയിലൂടെ വിദ്യാർത്ഥികൾക്ക് സാമൂഹിക സേവനരംഗത്തും, ആരോഗ്യസാംസ്കാരിക രംഗത്തും പ്രവർത്തിച്ച് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നു. വിവിധ ദിനാചരണങ്ങൾ നടത്തുകയും, അവയുമായി ബന്ധപ്പെട്ടുള്ള ക്വിസ് മത്സരങ്ങൾ, പ്രസംഗം, റാലികൾ എന്നിവ നടത്തുകയും ചെയ്തു. ക്യാംപ്, സ്റ്റഡിടൂർ, പ്രസംഗ പരിശീലനം തുടങ്ങിയ കാര്യങ്ങളും ഗാന്ധിജയന്തിയോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. പരീക്ഷക്കൊരുക്കമായി വൈകുന്നേരങ്ങളിൽ ക്ലാസ്സുകൾ നടത്തുകയും ചെയ്തുവരുന്നു.

ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെയും നേതൃത്വത്തിൽ വളരെ മികവാർന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൂന്നു ദിവസത്തെ വാർഷികക്യാംപ് നടത്തുകയും, വിവിധ ദിനാചരണങ്ങളും, യുദ്ധവിരുദ്ധറാലി, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുകയും, സബ്ജില്ലാദ്വിദീയ സോപാൻ ടെസ്റ്റിൽ പതിനഞ്ച് സ്കൗട്ടുകളുടെ പങ്കാളിത്തം ഉണ്ടാവുകയും ചെയ്തു.

പൗരബോധവും ദേശീയബോധവും കുട്ടികളിൽ ഉണ്ടാക്കുകയെടുക്കുക എന്ന ലക്ഷ്യത്തോടെ എസ്. പി. സി. സംഘടന സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. വിവിധ തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുവരുന്നത്. വിവിധദിനാചരണങ്ങളുമായി ബന്ധപ്പെട്ട് റാലികൾ, പ്രസംഗം, പോസ്റ്റർ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുയും ചെയ്യുന്നു. ഹിരോഷിമദിനത്തിൽ യുദ്ധവിരുദ്ധറാലി നടത്തുകയും, സ്വാതന്ത്ര്യദിന ക്വിസ് മത്സരം നടത്തുകയും, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ശുഭയാത്രാപരിപാടി, അരുവിസംരക്ഷണറാലി, സെൻട്രൽ ജയിൽ സന്ദർശനം, പച്ചക്കറിതോട്ടം നിർമ്മിക്കൽ, വയലാർ ദിനാഘോഷം, ഗാനസദസ്സ്, റിപ്പബ്ലിക് ദിന പരേഡ്, സ്റ്റുഡൻസ് പോലീസ് കേഡറ്റുകളും, ജനമൈത്രിപോലീസും സംയുക്തമായി റോഡ്സുരക്ഷാ ബോധവൽക്കരണ വിൽകലാമേള, പരിസ്ഥിതി ദിനാചരണം, എല്ലാകുട്ടികൾക്കും മരത്തൈ വിതരണം നടത്തുകയും ഇതിനോടനുബന്ധിച്ച് 100 മരത്തൈകൾ വഴിയോരത്ത് നട്ട് പരിപാലിച്ചുപോകുന്നു. യോഗദിനത്തിൽ യോഗ ക്ലാസ്സ്, യോഗ പരിശീലനം, കരാട്ടേ പരിശീലനം, ചാന്ദ്രദിന ക്വിസ് മത്സരം, ഭവന നവീകരണം, കേരളപിറവിയോടനുബന്ധിച്ച് കൊളാഷ് മത്സരം, സ്നേഹവീട് നിർമ്മാണം, ലഹരിയുമായി ബന്ധപ്പെട്ട് ലഹരിവിമുക്തറാലി, ശുദ്ധീകരണ പ്രവർത്തനങ്ങൾ, സെൻട്രൽ ജയിൽ സന്ദർശനം, മരിയഭവൻ സന്ദർശനം, എല്ലാ വെക്കേഷനിലും മൂന്ന് ദിവസത്തെ ക്യാമ്പുകൾ, പ്രശസ്ത കവി അംബികാ സുതൻ മാങ്ങാടുമായി അഭിമുഖം, കണ്ണൂർ എയർപോർട്ട് സന്ദർശനം തുടങ്ങി അനവധി പ്രവർത്തനങ്ങൾ സ്റ്റുഡൻസ് പോലീസ് കേഡറ്റ് എന്ന സംഘടന നടത്തി വരുന്നു.

ലഹരിവിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലികൾ സംഘടിപ്പിക്കുകയും പോസ്റ്ററുകൾ, സെമിനാറുകൾ തുടങ്ങിയവയിലൂടെ ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിലും സമൂഹത്തിലും അവബോധം സൃഷ്ടിക്കുകയും ചെയ്തു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന 8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി വിദ്യാജ്യോതി, വിജയജ്യോതി എന്നീ പേരുകളിൽ പ്രത്യേക പരിശീലനം വർഷാരംഭത്തിൽത്തന്നെ ആരംഭിച്ച് നടപ്പിലാക്കുന്നു. നവപ്രഭ, ശ്രദ്ധ, എന്നീ പരിഹാരബോധനങ്ങളും ഭംഗിയായി നടത്തി വരുന്നു.

മുഴുവൻ കുട്ടികൾക്കും കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തികൊണ്ട് 2 കൗൺസിലേഴ്സിന്റെ സേവനം സ്കൂളിൽ ലഭ്യമാക്കുന്നു.

രണ്ടാം ടേം അവസാനിക്കുന്നതിനു മുമ്പായി മുഴുവൻ കുട്ടികളുടെയും ഭവനങ്ങൾ അധ്യാപകർ സന്ദർശിക്കുകയും പ്രത്യേക പരിഗണന വേണ്ട കുട്ടികളെ കണ്ടുപിടിച്ച് ആവശ്യമായ സഹായങ്ങളും പരിഹാരങ്ങളും നൽകുകയും ചെയ്യുന്നു.

നിർധനരായ വിദ്യാർത്ഥികൾക്കും എസ്.സി. എസ്.ടി വിഭാഗത്തില്പെട്ടവർക്കും പാൽചുരത്തുനിന്ന് സ്കൂളിലേക്ക് അധ്യാപകരുടെ സാമ്പത്തികസഹായം കൊണ്ട് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## പൊതുലക്ഷ്യങ്ങൾ

പശ്ചിമഘട്ടത്തിന്റെ ടൂറിസം സാധ്യതകൾ അനന്തമാണ് . കൊട്ടിയൂർ ക്ഷേത്രവും ബാവലിപ്പുഴയും പാൽച്ചുരവും നിരവധി വെള്ളച്ചാട്ടങ്ങളാൽ സമ്പന്നവുമായ ഈ പ്രദേശത്തിന്റെ പൈതൃകത്തിൽ അഭിമാനിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനോടൊപ്പം ഈ പ്രേദേശത്തിന്റെ ഇക്കോ ടൂറിസം ലോക ശ്രദ്ധയിൽ കൊണ്ടുവരിക എന്നും ഞങ്ങളുടെ സാമൂഹിക ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. പ്രാദേശികമായ കലകൾ, തൊഴിലുകൾ ആചാരങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും അന്വേഷണാത്മക പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

## മറ്റ് ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും ആസ്വാദ്യകരമാക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
2. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധമേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലെത്തിക്കുന്നതിന്
3. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരുകുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക
4. കല - കായിക പ്രവൃത്തിപരിചയ രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുക്കിക്കനുസരിച്ച് മികവു തെളിയിക്കാനുള്ള അവസരം ഒരുക്കുക.
5. ശാസ്ത്രപഠനം, ഗണിതപഠനം എന്നിവ ജീവിതഗന്ധിയാക്കുക
6. 'ക്യാമ്പസ് ഒരു പാഠപുസ്തകം ' എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുന്നതിനുമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം .
2. ഗണിതശേഷി വികസനം.
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ .
4. ശാസ്ത്രപോഷണ പരിപാടി .
5. ലൈബ്രറി ശക്തീകാരണം.
6. സ്കോളർഷിപ്പ്പരീക്ഷ പരിശീലനം.
7. പഠനയാത്രകൾ.
8. പ്രവൃത്തിപരിചയ പരിശീലനം.
9. കലാപരിപോഷണം
10. പച്ചക്കറിത്തോട്ടം.
11. സാഹിത്യ ശില്പശാലകൾ
12. ദിനാചരണങ്ങൾ.
13. കായികശേഷി വികസനം.
14. ജന്മദിന പുസ്തകം.
15. ചിത്ര രചനാ ക്യാമ്പ്.
16. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ.
17. ക്ലാസ്സ് പി ടി എ കര്യക്ഷമാമാക്കൽ.
18. പരിസര ശുചിത്വം.

## ഉപസംഹാരം

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുവാൻ, വിദ്യാർത്ഥികളെ സാമൂഹ്യ, മാനസിക, ബൗദ്ധീക തലങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്നവരാക്കുവാൻ, പഠന ലക്ഷ്യങ്ങൾ പൂർണ്ണമായും ആർജ്ജിക്കുവാൻ സഹായിക്കുന്ന ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുവാൻ വിദ്യാലയത്തെ കുറിച്ചുള്ള കാഴ്ചപ്പാട്, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ ഇവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ വിദ്യാലയ വിദ്യാലയേതര സമൂഹത്തിന് ലഭിക്കുവാൻ ഒരു മാസ്റ്റർ പ്ലാൻ ഉപകരിക്കും രാജ്യം മൂല്യബോധമുള്ള ഒരു യുവജനതയുടെ ശക്തവും സുദൃഢവുമായ കരങ്ങളിൽ ഏൽപ്പിക്കുക എന്നത് സമൂഹത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം ആണ് എന്ന് സ്മരിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ ഇവിടെ ഉപസംഹരിക്കുന്നു.

| അക്കാദമികം | | | മലയാളം | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | എല്ലാ കുട്ടികളും ഭാഷ അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. | 8,9,10 | സാഹിത്യകൃതികൾ, പുസ്തകങ്ങൾ, പത്രങ്ങൾ വായിക്കാൻ നൽകുന്നു. ആശയപ്രകടനം വാചികമായും ലിഖിതമായും നടത്തുന്നു.<br>പത്രവായനയും, വിശകലനവും, പത്രറിപ്പോർട്ടുകൾ തയ്യാറാക്കൽ | ഒരു ടേം<br>വർഷം മുഴുവൻ | ഭാഷാദ്ധ്യാപകൻ<br>അദ്ധ്യാപകർ | 2500/-<br>2000 |
| 2. | കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തി സർഗ്ഗാത്മക രചനക്കുള്ള അവസരം നൽകുക. | 8,9,10 | ശില്പശാലകൾ (കഥ, കവിത, നാടകം, തിരക്കഥ, etc) കഥാരചന, കവിതാരചന, നാടകരചന, തിരക്കഥാരചന – വ്യക്തിപ്രവർത്തനങ്ങൾ, പതിപ്പ്, മാഗസിൻ നിർമ്മാണം. (ക്ലാസ്സ് തലം, സ്കൂൾതലം, സ്കൂൾതല പത്രനിർമ്മാണം) | ഓരോ ശില്പശാല വീതം ഓരോ ടേമിലും | ഭാഷാധ്യാപകർ<br>SRG<br>ക്ലാസ് ടീച്ചേഴ്സ് | 15000/-<br>20000/- |
| 3. | സർഗ്ഗാത്മക പ്രകടനത്തിനുള്ള വേദികൾ സൃഷ്ടിക്കുക. | 8,9,10 | സെമിനാറുകൾ, ചർച്ചകൾ സർഗ്ഗവേളകൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു. എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അധ്യാപകർ, പി.ടി.എ. | 500/- |
| 4. | അന്വേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള താത്പര്യം ജനിപ്പിക്കുന്നു. | 8,9,10 | സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നു.<br>സെമിനാർ അവതരണം.<br>റിപ്പോർട്ട് തയ്യാറാക്കൽ<br>പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒന്ന് | ഭാഷാധ്യാപകർ പി.ടി.എ. | 10000/- |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | ആധുനികസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഭാഷാ പഠനവും ആശയപ്രകടനവും | 8,9,10 | ഇന്റർനെറ്റിൽ നിന്നുള്ള വിവരശേഖരണം, സ്ലൈഡ് നിർമ്മാണം, ഷോർട്ട്ഫിലിം നിർമ്മാണം, വീഡിയോ എഡിറ്റിംഗ്, സൗണ്ട് എഡിറ്റിംഗ് മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ ടൈപ്പ് ചെയ്യുന്നു. ഡിജിറ്റൽ മാഗസിൻസ് തയ്യാറാക്കുന്നു. | എല്ലാ വർഷവും | അധ്യാപകർ<br>SRY<br>BRC<br>DIET<br>It@School | 10000/- |
| 6. | നിരന്തരമൂല്യ നിർണ്ണയവും പരിഹാരബോധനവും | 8,9,10 | മാസപ്പരീക്ഷകൾ, പിന്നോക്കക്കാരെ കണ്ടെത്തൽ പരിഹാരബോധനം.<br>മുന്നോക്കക്കാർക്ക് പ്രത്യേകപരിശീലനങ്ങൾ | വർഷം മുഴുവനും | ഭാഷാധ്യാപകർ | 1000/-<br>1000/- |
| 7. | അധ്യാപകശാക്തീകരണം | മുഴുവൻ അധ്യാപകരും | സാഹിത്യശില്പശാലകൾ അധിഷ്ഠിത പരിശീലനങ്ങൾ മോട്ടിവേഷൻ പ്രോഗ്രാം മറ്റു വിദ്യാലയങ്ങൾ സന്ദർശിക്കൽ | വർഷം മുഴുവനും | Edu Department<br>BRC<br>DIET | 2000/- |
| 8. | രക്ഷാകർത്തൃ ശാക്തീകരണം | മുഴുവൻ അധ്യാപകരും | ബോധവൽക്കരണ ക്ലാസ്സുകൾ, ക്ലാസ് പി.ടി.എ. പ്രാദേശിക പി.ടി.എ.കൾ, ലൈബ്രറിയിൽ പങ്കാളിത്തം. മത്സരങ്ങൾ സംഘടിപ്പിക്കൽ. പ്രതിഭാശാലികളായ രക്ഷാകർത്താക്കളെ ആദരിക്കൽ | | | 10000/-<br>hdhh |
| 9. | വായനയെ പ്രോത്സാഹിപ്പിക്കുന്നു. വായനാകുറിപ്പുകൾ തയ്യാറാക്കാനുള്ള പരിശീലനം | 8,9,10<br>മുഴുവൻ അധ്യാപകരും | സ്കൂൾ ലൈബ്രറി വിപുലീകരിക്കൽ,ക്ലാസ്സ് ലൈബ്രറിയുടെ ഫലപ്രദമായ ഉപയോഗം. വായനാകുറിപ്പുകൾ എഴുതാൻ ശീലിപ്പിക്കുന്നു. | വർഷം മുഴുവനും | ഭാഷാധ്യാപകർ | 10000/- |
| | | | | | | |

| അക്കാദമികം | | | സംസ്കൃതം | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | എല്ലാകുട്ടികളും ഭാഷ അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുക | 8,9,10 | സംസ്കൃത ഭാഷയിലുള്ള പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. പ്രകടനം വാചികമായും ലിഖിതമായും നടത്തുന്നു. | ഒരു വർഷം മുഴുവനും | ഭാഷാദ്ധ്യാപകൻ | 3000/- |
| 2. | സംസ്കൃത രചനക്കുള്ള അവസരം നൽകൽ | 8,9,10 | കഥാരചന, കവിതാരചന, ഉപന്യാസരചന, സമസ്യാപൂരണം, വ്യക്തിഗത പ്രവർത്തനങ്ങൾ. | ഒരു വർഷം മുഴുവനും | ഭാഷാദ്ധ്യാപകൻ | 500/- |
| 3. | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഭാഷാപഠനവും, പ്രകടനവും | 8,9,10 | ഇന്റർനെറ്റിൽ നിന്നുള്ള വിവരശേഖരണം, ഭാഷടൈപ്പ് ചെയ്യൽ, സൈഡ് നിർമ്മാണം, വീഡിയോ എഡിറ്റിംഗ് മുതലായവ | എല്ലാ വർഷവും | ഭാഷാദ്ധ്യാപകൻ | 500/- |
| 4. | നിരന്തര മൂല്യനിർണ്ണയംവും പരിഹാര ബോധനവും | 8,9,10 | മാസപരീക്ഷകൾ, പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പരിഹാരബോധനം. | വർഷം മുഴുവനും | ഭാഷാദ്ധ്യാപകൻ | 700/- |
| | **ഭൗതീകം** | | | | | |
| 1. | സ്കൂൾ ലൈബ്രറിയിൽ സംസ്കൃത ഭാഷാപുസ്തകങ്ങൾ ലഭ്യമാക്കൽ | 8,9,10 | സംസ്കൃത നിഘണ്ടു, സംസ്കൃത സാഹിത്യകൃതികൾ, സുഭാഷിതങ്ങൾ എന്നിവവാങ്ങുകയും അത് പ്രദർശിപ്പിക്കുന്നതിനാവശ്യമായ ശ്രമീകരണങ്ങൾ ചെയ്യൽ | 1-2 വർഷം | സ്കൂൾ പി.ടി.എ. | 7500/- |

**അക്കാദമികമാസ്റ്റർ പ്ലാൻ** ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഉത്തരവാദിത്വം | ആവശ്യമായതുകയും മാർഗ്ഗവും |
|---|---|---|---|---|
| 1. സർഗ്ഗാത്മകത വളർത്തിയെടുക്കുക. | Film shows സംഘടിപ്പിക്കുക, കവിതകൾ, കഥകൾ, ചിത്രങ്ങൾ, രൂപങ്ങൾ എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.<br>Field Trip – കൾ സംഘടിപ്പിക്കുക.<br>Exhibitions സംഘടിപ്പിക്കുക. | 1 year | English teachers,<br>All the clubs<br>SRG<br>PTA,MPTA | 20000<br>Department |
| 2. എല്ലാകുട്ടികളെയും ഇംഗ്ലീഷ് നന്നായി വായിക്കാൻ പ്രാപ്തരാക്കുക. | ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ<br>ജന്മദിന പുസ്തകം<br>വായനാ മത്സരം<br>പുസ്തക ചർച്ച സംഘടിപ്പിക്കുക<br>ആസ്വാദ്യകരമായ വായനാപരിശീലനം | 1 year | All the teachers<br>All the clubs<br>PTA<br>Local libraries | 25000<br>Panchayath<br>Department |
| 3. ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | പ്രസംഗം മത്സരവും പരിശീലനം നടത്തുക<br>Recitation സംഘടിപ്പിക്കുക.<br>Simple stories സംഘടിപ്പിക്കുക.<br>Sharing experiences.<br>English movies. | 3year | All the teachers<br>Resource persons<br>library, Internet | 5000<br>PTA |
| 4. എഴുത്തിനുള്ള പ്രാധാന്യം വർദ്ധിപ്പിക്കുക. | Simple Story writig, Writing Simple Poems, Diaries, Notices, Letters, News reports, Dialogue writing etc. | 3year | All the teachers | |

| അക്കാദമികം - മാസ്റ്റർ പ്ലാൻ | | ഹിന്ദി | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് group class/ subject | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി നേടുക | 8, 9, 10 ക്ലാസ്സുകൾ | ക്ലാസ്റൂം നിരീക്ഷിച്ച് കണ്ടെത്തിയ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ എഴുതുന്നു. അവതരിപ്പിക്കുന്നു. പരിചയപ്പെടുത്തൽ. എഴുതി അവതരിപ്പിക്കുന്നു. അധികവായനയ്ക്കായി ചിത്രപുസ്തകങ്ങൾ, കഥാപുസ്തകങ്ങൾ, വീഡിയോക്ലിപ്പിംഗ്സ്, ഭാഷാ ലാബ്, ഹൈടെക് ക്ലാസ് മുറികൾ | 3 വർഷം | ഹിന്ദി അധ്യാപകർ | 10,000 |
| 2. | ഭാഷാ വ്യവഹാരരീതികൾ ഉപയോഗിക്കാനുള്ള ശേഷി നേടുക. | 8, 9, 10 | സംഭാഷണം, ഡയറി, പത്രവാർത്ത, റിപ്പോർട്ട്, കത്ത് ആത്മകഥ, ജീവചരിത്രം, കഥ, നാടകം, കവിത, ചിത്രവായന, വിവരണം, വിവിധ ഭാഷാ വിധികൾ പരിചയപ്പെടുത്തുന്നു. വ്യകരണതത്വങ്ങൾ പരിചയപ്പെടുത്തുന്നു. | 3 വർഷം | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | 5000 |
| 3. | പരിഹാരബോധനം | 8, 9, 10 | പിന്നോക്കാവസ്ഥയിലുള്ളവരെ കണ്ടെത്തി ICT സാധ്യത ഉപയോഗപ്പെടുത്തി പ്രത്യേക മൊഡ്യൂൾ അനുസരിച്ച് പരിശീലിപ്പിക്കുക. എഴുതാനും വായിക്കാനും പഠിപ്പിക്കുന്നു. പാരന്റ്സിന്റെ പിന്തുണാസഹായം ഉറപ്പാക്കുന്നു. | 3 വർഷം | ഹിന്ദി അധ്യാപകർ<br>പി. ടി. എ. | |
| 4. | മഹത്വ്യക്തികളെയും ജീവിതമൂല്യങ്ങളെയും പരിചയപ്പെടുത്തുന്നു. | 8, 9, 10 | വിവിധ ദിനാചരണങ്ങൾ, പ്രകൃതിസംരക്ഷണം, ജലസംരക്ഷണം, വനസംരക്ഷണം, മഹത്വ്യക്തികൾ - പോസ്റ്റർ, നിർമ്മാണം, പ്രസംഗം, ഹിന്ദി അസംബ്ലി, ക്വിസ് മത്സരങ്ങൾ, ഹിന്ദി ദിനാഘോഷം - വ്യത്യസ്ത ഇനം മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | 3 വർഷം | ഹിന്ദിക്ലബ്ബ്<br>SRG | 15000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് group class/ subject | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | <u>ഭൗതീകം</u> | | | | | |
| 2. | ഭാഷാ ലാബ്, ഹൈടെക് ക്ലാസ്റൂം, അലമാര | 8, 9, 10 | ഹിന്ദിയുമായി ബന്ധപ്പെട്ട സാമഗ്രികൾ സൂക്ഷിച്ച് വയ്ക്കാൻ, നിഘണ്ടു, സി. ഡി, വിവിധതരത്തിലുള്ള പുസ്തകങ്ങൾ തരംതിരിച്ച് സൂക്ഷിച്ച് ഉപയോഗിക്കാൻ ഫിലിം പ്രദർശനം നടത്താൻ | സ്ഥിരം | ഹിന്ദി അധ്യാപകർ, PTA | 50000 |
| | <u>സാമൂഹികം</u> | | | | | |
| 3. | കുട്ടികളിൽ സാമൂഹികാവബോധം ജനിപ്പിക്കുക | 8, 9, 10 | ജീവിതമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. വൃദ്ധജന സംരക്ഷണം, പ്രകൃതിസംരക്ഷണം, ജലസംരക്ഷണം, സാമൂഹിക സമത്വം | സ്ഥിരം | ഹിന്ദി അധ്യാപകർ, PTA | പ്രവർത്തനാനുസൃതം |

മാസ്റ്റർ പ്ലാൻ - ശാസ്ത്രം

## A. അക്കാദമികം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തുക | 8, 9, 10 | 1. നിത്യജീവിതവും പാഠപുസ്തകവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ നടത്തുക.<br>2. ലളിതവും ആകർഷകവുമായി-സീറോ കോസ്റ്റ് ഉൽപന്നങ്ങൾ ഉപയോഗിച്ച് മാതൃകകൾ നിർമിക്കുക.<br>3. പരീക്ഷണ-നിരീക്ഷണ കുറിപ്പുകൾ രേഖപ്പെടുത്തിയ പരീക്ഷണപതിപ്പ് നിർമിക്കുക.<br>4. പരീക്ഷണാനുഭവ പതിപ്പ് നിർമ്മാണം<br>5. ശാസ്ത്രസർഗവേള - ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കൽ, സർഗ്ഗാത്മക സൃഷ്ടികൾ, സംശയദുരീകരണം, ലഘുപ്രോജക്ടുകൾ, ചോദ്യപ്പെട്ടി നിർമ്മാണം, അത്യാധുനിക കണ്ടുപിടത്തങ്ങൾ,ശാസ്ത്രപുസ്തകങ്ങൾ പരിചയപ്പെടൽ, സയൻസ് മാജിക്കുകൾ.<br>6. ശാസ്ത്രമത്സരങ്ങളിൽ പങ്കെടുക്കൽ<br>7. ശാസ്ത്രവെബ്സൈറ്റുകൾ പരിചയപ്പെടൽ, നൂതന സാങ്കേതികവിദ്യകളുടെ ഫലപ്രദമായ ഉപയോഗം. | ഒരു ടേമിൽ<br>ആഴ്ചയിൽ ഒരിക്കൽ<br>വ ർ ഷ ം മുഴുവൻ | അധ്യാപകർ<br>SRG | 5000 |
| 2. | ദൈനംദിന ജീവിതവും ചുറ്റുപാടുകളുമായി പഠനത്തെ ബന്ധപ്പെടുത്തുക. | 8, 9, 10 | 1. പ്രകൃതി, ചുറ്റുപാട്, ശരീരം, അടുക്കള മുതലായവയിൽ നടക്കുന്ന മാറ്റങ്ങൾ നിരീക്ഷിച്ച് അവയ്ക്കു പുറകിലുള്ള ശാസ്ത്രതത്വങ്ങൾ കണ്ടെത്തുക.<br>2. നിത്യജീവിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാതൃകകൾ നിർമിക്കുക<br>3. പ്രപഞ്ച സത്യങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുക - വായന, വിദഗ്ദരുമായി ചർച്ച, നിരീക്ഷണം, സാങ്കേതികവിദ്യ ഉപയോഗിച്ച് | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ<br>PTA<br>SRG<br>മാനേജ്മെന്റ്<br>BRC | 10000 |
| 3. | പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്ത് ധാരണ കൈവരിക്കുക | 8, 9, 10 | 1. ഗ്രഹണം, ഉൽക്കമഴ, വാൽനക്ഷത്രം, ആകാശഗോളങ്ങളെക്കുറിച്ചുള്ള പഠനം സാധ്യമാക്കുക.<br>2. വാന നിരീക്ഷണത്തിന് അവസരമൊരുക്കുക. | | | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | | 3. ഉപഗ്രഹങ്ങൾ, അന്താരാഷ്ട്ര ബഹിരാകാശനിലയം എന്നിവയെക്കുറിച്ച് ധാരണയുണ്ടാക്കുക.<br>4. പുതിയ ശാസ്ത്രവാർത്തകൾ, ദുരന്തനിവാരണ രീതികൾ, ശാസ്ത്രതത്വങ്ങൾ - ഡിബേറ്റ്<br>5. പുരാതന-ആധുനിക ജ്യോതി-പ്രകൃതി ശാസ്ത്രജ്ഞരുടെ കണ്ടെത്തലുകൾ പരിചയപ്പെടൽ<br>4. കാലാവസ്ഥാ നിരീക്ഷണം, NASA, ESA മുതലായവയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടൽ | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ,<br>PTA<br>SRG<br>മാനേജ്മെന്റ്<br>BRC | 10000 |
| 4. | ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക. | 8, 9, 10 | 1. അന്ധവിശ്വാസങ്ങൾ, കപടതകൾക്കു പിന്നിലുള്ള ശാസ്ത്രീയ വശം - ഡിബേറ്റ്<br>2. ബോധവൽക്കരണ ക്ലാസുകൾ<br>3. അസംബ്ലിയിൽ ശാസ്ത്രവാർത്തകൾ അവതരിപ്പിക്കൽ<br>4. സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന ശാസ്ത്രസംബന്ധ വാർത്തകളുടെ സത്യാവസ്ഥ മനസ്സിലാക്കൽ | ടേമിൽ<br>ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ,<br>PTA<br>SRG | 2000 |
| 5. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പരിഗണന | 8, 9, 10 | Remedical teaching, scaffolding, extratime, പരിശീലനം, peer teaching, team teaching, group learning ssisteue, techonologies ന്റെ ഉപയോഗം<br>2. രക്ഷിതാക്കൾക്ക് ബോധവൽക്കരണം.<br>3. മാതൃക പരീക്ഷകൾ | വർഷം മുഴുവൻ<br>ടേമിൽ | അധ്യാപകർ,<br>PTA<br>SRG | 2000 |
| 6. | പഠനത്തിൽ മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന | 8, 9, 10 | Enrichment programmes ചോദ്യാവലി നിർമ്മാണം, വിദഗ്ദരുടെ ക്ലാസ്സുകൾ, അധിക പ്രവർത്തനങ്ങൾ<br>1. മികച്ച റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>2. മാതൃകാ പരീക്ഷകൾ<br>3. രക്ഷിതാക്കൾക്ക് ബോധവൽക്കരണം | ടേമിൽ<br>വർഷത്തിൽ | അധ്യാപകർ,<br>PTA<br>വർഷത്തിൽ | 15000 |
| 7. | സയൻസ് ക്ലബ് പ്രവർത്തനങ്ങൾ | 8, 9, 10 | 1. ശാസ്ത്രപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ക്ലബ് രൂപീകരണം<br>2. ദിനാചരണങ്ങൾ - അവയുടെ പ്രാധാന്യം മനസ്സിലാക്കൽ<br>3. അസാബ്ലിയിൽ ലഘു പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | | 4. പരീക്ഷണോത്സവം, ബോധവൽക്കരണ ക്ലാസ്സുകൾ<br>5. ക്യാമ്പുകൾ(Blood donation, രോഗനിർണ്ണയം)ക്വിസ് മത്സരങ്ങൾ, നാടകം, ഫിലിം ഷോ, അഭിമുഖം, പ്രാദേശിക പ്രാധാന്യമുള്ള പ്രൊജക്ടുകൾ, മാതൃകനിർമാണം, പഠനയാത്രകൾ, ബുള്ളറ്റിൻ ബോർഡ്, സ്കൂൾ ശാസ്ത്രമാസിക, സർഗ്ഗാത്മക രചന, സൃഷ്ടികളുടെ പ്രദർശനം,മണ്ണ്-ജല-ആരോഗ്യപരിശോധനാ ക്യാമ്പുകൾ, മത്സരങ്ങൾ, അനുമോദനങ്ങൾ.<br>6. പരീക്ഷണ - നിരീക്ഷണ - അനുഭവകുറിപ്പുകളുടെ പതിപ്പ്<br>7. ശാസ്ത്രജ്ഞന്മാരുടെ ചിത്രം - കണ്ടുപിടുത്തങ്ങൾ - പ്രദർശനം | വർഷം മുഴുവനും | അധ്യാപകർ,<br>PTA<br>SRG | 25000 |
| 8. | വിജ്ഞാന മേഖല മെച്ചപ്പെടുത്തൽ | 8, 9, 10 | 1. വിഷമമുള്ള പാഠഭാഗങ്ങൾ കണ്ടെത്തി നൂതന വിദ്യകൾ / വിദഗ്ദരുടെ സേവനം ഉപയോഗിച്ച് ലഘു പഠനം എളുപ്പമാക്കൽ<br>2. Concept mapping, mind mapping, question pooling രീതികൾ പ്രയോജനപ്പെടുത്തൽ<br>3. നൂതന ബോധന - പഠനരീതികൾ പരിചയപ്പെട്ട് പ്രാവർത്തികമാക്കൽ<br>4. Nourishment programmes സംഘടിപ്പിക്കൽ<br>5. സഹവൈജ്ഞാനിക മേഖലകലുടെ അംഗീകാരം. | ടേമിൽ<br>വർഷത്തിൽ | അധ്യാപകർ,<br>മാനേജ്മെന്റ്<br>PTA<br>SRG | 5000 |
| 9. | വിലയിരുത്തൽ മേഖല മെച്ചപ്പെടുത്തൽ | 8, 9, 10 | 1. നിരന്തര മൂല്യനിർണ്ണയ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ<br>2. രക്ഷിതാക്കളുമായി ആശയ വിനിമയം, ഭവന സന്ദർശനം<br>3. കുട്ടിയെ നിരന്തരമായി നിരീക്ഷിക്കൽ<br>4. പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം, ഇടപെടൽ മേഖലകൾ നിശ്ചയിക്കൽ, ഉണ്ടായമെച്ചം വിശകലനം.<br>5. ടേം മൂല്യനിർണ്ണയം വിശകലനം - മെച്ചപ്പെടുത്താൻ ആസൂത്രണം<br>6. നോട്ട് ബുക്ക്, പോർട്ഫോളിയോ ചിട്ടപ്പെടുത്തി സമഗ്രമാക്കുക.<br>7. മികച്ചവർക്ക് അംഗീകാരം. | വർഷം മുഴുവൻ<br>ടേമിൽ | അധ്യാപകർ<br>SRG | 3000 |

| അക്കാദമികം | | | ബയോളജി | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ക്ലാസ് | പ്രവർത്തനങ്ങൾ | പിരീയഡ് | ചുമതല | സാമ്പത്തികം |
| 1. | ശാസ്ത്രേതര വിഷയത്തിൽ താത്പര്യം വർദ്ധിപ്പിക്കുക. | 8,9,10 | ശാസ്ത്രപഠനം സാധ്യമുള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ശേഖരിക്കുക, ദിനാചരണങ്ങൾ, ക്വിസ്സ് മത്സരങ്ങൾ, ക്ലാസ്സുകളിലെ സയൻസ് കോർണർ, സെമിനാറുകൾ, ശാസ്ത്രപുസ്തകങ്ങളുടെ ശേഖരണം,വായനാകുറിപ്പ് തയ്യാറാക്കൽ, ലൈബ്രറി നവീകരണം, നോട്ട്ബുക്ക്, പോർട്ട്ഫോളിയോ എന്നിവ ചിട്ടപ്പെടുത്തൽ, മികച്ച കുട്ടികളെ ആദരിക്കൽ, മികച്ചവയുടെ പ്രദർശനം (assembly, PTA, SRG meeting, teachers training) പിന്നോക്കക്കാർക്ക് വർക്ക്ഷീറ്റ് തയ്യാറാക്കൽ, പരിഹാരബോധനം, നിരന്തര വിലയിരുത്തൽ | 3 വർഷം | Science club. PTA, Management SRG | 5000/- |
| 2. | ശാസ്ത്രീയ രീതി അവലംബിക്കുക. | 8,9,10 | ശാസ്ത്രജ്ഞരുടെ ചിത്രം, കണ്ടുപിടുത്തങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ, പരീക്ഷണങ്ങൾ, ഉപകരണങ്ങൾ പരിചയപ്പെടൽ, Teaching Aids workshop (lowcost materials) അസംബ്ലിയിൽ പരീക്ഷണങ്ങൾ പരിചയപ്പെടൽ, നക്ഷത്ര നിരീക്ഷണം, പഠന ശില്പശാലകൾ. | 3 വർഷം | SRG Science club PTA | 2000/- |
| 3. | പ്രകൃതി സൗഹൃദ ശാസ്ത്ര പഠനം | 8,9,10 All gs | വാതിൽപ്പുറ പഠനങ്ങൾ, പഠനയാത്രകൾ, ചർച്ചകൾ, സെമിനാർ, ശാസ്ത്രപ്രൊജക്ടുകൾ, പ്രാദേശിക പരിസ്ഥിതി പ്രശ്നങ്ങളെ കൈകാര്യം ചെയ്യൽ, പഠനങ്ങൾ, ലഘുലേഖ വിതരണം, മലിനീകരണ വിമുക്തപ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യൽ, പൊതുപ്രവർത്തനങ്ങൾ, മരങ്ങളുടെ സംരക്ഷണം, വനവത്കരണം, പ്രകൃതി സംരക്ഷണം. | പ്രവർത്തനാനുസൃതം | Head of institution, PTA, Teachers, തദ്ദേശസ്വയം വകുപ്പുകൾ, സന്നദ്ധസംഘടനകൾ, SSA | പ്രവർത്തനാനുസൃതം |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4. | ദൈനംദിന ജീവിതവും ശാസ്ത്രവും | 8,9,10 | ശാസ്ത്ര ആശയങ്ങളുടെ ഉദാഹരണങ്ങൾ ദൈനംദിന ജീവിതത്തിൽ നിരീക്ഷിക്കുക. ശാസ്ത്രപ്രശ്നങ്ങൾ പരിഹരിക്കുക, ദൈനംദിന സംഭവങ്ങൾ ശാസ്ത്രീയമായി വിലയിരുത്തുക, ആഹാരം, ആരോഗ്യം, ജീവിതശൈലി തുടങ്ങിയവയിൽ വ്യക്തിപരമായി ശാസ്ത്രീയ തീരുമാനമെടുക്കൽ, പകർച്ചവ്യാധികൾ ആരോഗ്യപ്രശ്നങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, പോഷകാഹാര പ്രശ്നങ്ങൾ എന്നിവയിൽ | 10 വർഷം | PTA, SRG പഞ്ചായത്ത് തല വകുപ്പുകൾ, Health club, PHC | 10,000 |

| അക്കാദമികം | സോഷ്യൽസയൻസ് | | | | | |
|---|---|---|---|---|---|---|
| SL No. | ലക്ഷ്യം | ടാർജറ്റ് group | പ്രവർത്തനങ്ങൾ | പിരീയഡ് | ചുമതല | സാമ്പത്തികം |
| 1. | പൊതു വിജ്ഞാനം മെച്ചപ്പെടുത്തുക. (ആനുകാലിക വിജ്ഞാനം) | 8, 9, 10 | അടിസ്ഥാന വിഷയങ്ങളെ അധികരിച്ച് സ്കൂൾ തലത്തിൽ ജി.കെ. ടെക്സ്റ്റ് തയ്യാറാക്കി ടേം വിലയിരുത്തൽ നടത്തുക | 3 വർഷം | എസ്. ആർ. ജി. | 25000 |
| 2. | പരിഹാര ബോധനം | 8, 9, 10 മിനിമം ലെവൽ ഓഫ് ലേണിംഗ് ഉറപ്പാക്കുക. | വിഷയാധിഷ്ഠിതമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ICT സാധ്യത പ്രയോജനപ്പെടുത്തി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നടത്തുക. | 3 വർഷം തുടർന്നു പോകൽ | എസ്. ആർ. ജി., പി. ടി. എ | |
| 3. | രക്ഷാകർത്തൃശാക്തീകരണം | 8, 9, 10 പിന്തുണ സംവിധാനം ഉറപ്പാക്കൽ | eso അടിസ്ഥാനത്തിൽ പഠനപ്രവർത്തനങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്ന രീതിയിൽ പി. ടി. എ. ക്രമീകരിക്കുക. | 3 വർഷം | എസ്. ആർ. ജി., പി. ടി. എ | |

| അക്കാദമികമാസ്റ്റർ പ്ലാൻ | | ഗണിതം | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക | 8,9,10 | അടിസ്ഥാന ഗണിതവുമായി ബന്ധപ്പെട്ട ചോദ്യാവലി തയ്യാറാക്കുന്നു. അനുദിന ജീവിതത്തിൽ പ്രയോഗിക്കേണ്ടതരം കണക്കുകളും ഈ ചോദ്യാവലിയിൽ ഉൾപ്പെടുത്തുന്നു. | അധ്യയന വർഷത്തിന്റെ ആരംഭം | അധ്യാപകർ | 500/- |
| 2. | എല്ലാവരെയും ഗണിതത്തിൽ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുക. | 8,9,10 | 1. അടിസ്ഥാന ഗണിതം ഉറപ്പിക്കുന്നതിനാവശ്യമായ പരിഹാരബോധനം<br>2. ഗുണനപട്ടിക ഹൃദിസ്ഥമാക്കുക.<br>3. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>4. എല്ലാ കുട്ടികളെയും ഗണിതത്തിൽ രസികത്വം അനുഭവിക്കത്തക്കവിധം ഗണിതപ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു. | തുടർ പ്രവർത്തനം | പി.ടി.എ. അധ്യാപകർ | |
| 3. | ഗണിതത്തോട് കൂടുതൽ ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തി ശാസ്ത്രാഭിമുഖ്യം വളർത്തുന്നു. | 8,9,10 | 1. ഗണിത ക്വിസുകൾ (മാസത്തിൽ ഒന്ന്)<br>2. ഗണിതതത്വങ്ങൾ പ്രായോഗികതയിൽ വരുത്തേണ്ടതും ചോദ്യാവലികൾ നൽകുന്നു.<br>3. ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്ര പുസ്തകങ്ങൾ വായിക്കുവാൻ പ്രോത്സാഹനം നൽകുന്നു.( ക്ലബ്ബ് മീറ്റിംഗുകളിൽ)<br>4. ഗണിതതത്വങ്ങൾ അടിസ്ഥാനമാക്കിയുള്ള വർക്കിംഗ് മോഡലുകളും സ്റ്റിൽ മോഡലുകളും തയ്യാറാക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നു. (വർഷത്തിൽ ഒന്ന്)<br>5. മറ്റു ശാസ്ത്രവിഷയങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നു.<br>6. വിദഗ്ദരുടെ ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ അവസരം ഒരുക്കുന്നു. (വർഷത്തിൽ രണ്ട്) | തുടർ പ്രവർത്തനം | അധ്യാപകർ | 1000/- |
| 4. | ശാസ്ത്രമേളകളിൽ മികച്ച പങ്കാളിത്തവും വിജയവും | 8,9,10 കഴിവു തെളിയിച്ച കുട്ടികൾ | 1. സ്കൂൾതല ശാസ്ത്രമേള (വർഷത്തിൽ ഒന്ന്)<br>2. പ്രതിഭകളെ കണ്ടെത്തി പ്രത്യേക പരിശീലനങ്ങൾ നൽകി മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. | | | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | | 3. പാഠപുസ്തകവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗവേഷണം നടത്തി കണ്ടെത്തലുകൾ അസംബ്ലിയിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുക.<br>4. ICT സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക<br>5. ഗണിതക്ലബ്ബ് മീറ്റിംഗുകളിൽ സെമിനാറുകൾ അവതരിപ്പിക്കുക. | | | |
| 5. | മത്സരപരീക്ഷകളിലെ പങ്കാളിത്തവും വിജയവും | 8,9,10 | ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട മത്സരപരീക്ഷകൾക്കും സ്കോളർഷിപ്പുപരീക്ഷകൾക്കും പ്രത്യേക പരിശീലനം (Nmms, Talert serch, NTSE) | തുടർ പ്രവർത്തനം | പി.ടി.എ. അധ്യാപകർ | |
| 6. | രസകരമായ ഗണിതപഠനം | 8,9,10 | 1. കുസൃതികണക്കുകൾ പരിചയപ്പെടുത്തുന്നു. (ആഴ്ചയിൽ 2)<br>2. മാന്ത്രിക ചതുരങ്ങൾ (ആഴ്ചയിൽ 1)<br>3. ചെസ്സുകളിയിൽ പരിശീലനം<br>4. നമ്പർചാർട്ടുകളുടെ നിർമ്മാണം | തുടർ പ്രവർത്തനം | അധ്യാപകർ | 1000 |
| 7. | പഠന വിഭവങ്ങളും പഠനസംവിധാനങ്ങളും മെച്ചപ്പെടുത്തുന്നു | 8,9,10 | 1. നൂതന സംവിധാനങ്ങളോടുകൂടി. ഗണിതലാബ്.<br>2. മികച്ച പഠനോപകരണങ്ങൾ<br>3. Display Board കൾ<br>4. Multimedia ഉപകരണങ്ങൾ<br>5. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കുക. | തുടർ പ്രവർത്തനം | മാനേജ്മെന്റ് , പിടിഎ. | 3000 |
| 8. | അദ്ധ്യാപക ശാക്തീകരണം | 8,9,10 | 1. പ്രവർത്തന മികവു തെളിയിച്ച വിദ്യാലങ്ങൾ സന്ദർശിക്കുക<br>2. ചർച്ചകൾ സംഘടിപ്പിക്കുക.<br>3. കൃത്യതയോടെയുള്ള SubjectCouncil കൾ | തുടർ പ്രവർത്തനം | അദ്ധ്യാപർ | 2000 |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 9. | സാമൂഹികാവബോധം വളർത്തുക. | 8,9,10 | 1. മറ്റുവിദ്യാലയങ്ങളിലെ കുട്ടികളെയും പങ്കെടുപ്പിച്ച് സെമിനാറുകൾ ക്വിസ് മത്സരങ്ങൾ ഇവ സംഘടിപ്പിക്കുക.<br>2. ഗണിത ശാസ്ത്രദിനാചരണങ്ങൾ, രാമാനുജൻസ് ഡേ ഇവ വിപുലമായ രീതിയിൽ ആഘോഷിക്കുക. (വർഷത്തിൽ ഒന്ന്) | തുടർപ്ര വർത്തനം | അധ്യാപകർ | 1000 |

| അക്കാദമികം | മാസ്റ്റർപ്ലാൻ - ചിത്രകല | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | ആശയങ്ങൾ ഉൾക്കൊണ്ട സർഗ്ഗാത്മകമായ ചിത്രങ്ങൾ വരക്കുന്നു | 8,9,10 | – പ്രശസ്തരായ ചിത്രകാരൻമാരുടെ ചിത്രങ്ങൾ കാണുന്നതിനുള്ള അവസരമൊരുക്കുന്നു.<br>– ഓരോ കാലത്തെയും ചിത്രങ്ങളുടെ ശൈലിയും ചിത്രീകരണ രീതിയും കുട്ടികൾക്ക് വിശദീകരിച്ച് നല്കുന്നു<br>– ചിത്ര പ്രദർശനങ്ങൾ കാണാൻ അവസരമൊരുക്കുന്നു<br>– ഐ.ടി. മേഖലയെ ഇതിനായി പ്രയോജനപ്പെടുത്തുന്നു.<br>– ചിത്രങ്ങൾ ക്ലാസ്സ് മുറിയിൽതന്നെ പ്രദർശിപ്പിക്കുന്നു<br>– ചിത്രങ്ങൾ ശേഖരിച്ച് ആൽബങ്ങളാക്കുന്നു. | 3 വർഷം | ചിത്രകല അദ്ധ്യാപകൻ | 5000 പ്രതിവർഷം പിടിഎ. |
| 2 | പ്രകൃതിയെ നിരീക്ഷിച്ച് സാങ്കേതികതകളോടെ നിറങ്ങൾ നൽകി ചിത്രീകരിക്കുന്നു. | 8,9,10 | – വീക്ഷണരേഖ, അനുപാതം, ചിത്രസംയോജനം, തുലനം എന്നീ സാങ്കേതികതങ്ങൾ കുട്ടികൾ കൈവരിക്കുന്നു.<br>– പ്രകൃതിയെ നിരീക്ഷിക്കാൻ അവസരം നൽകുന്നു.<br>– ഓരോ വസ്തുവിന്റെയും വലുപ്പവ്യത്യാസവും ദൂര വ്യത്യാസവും നിറങ്ങളും തിരിച്ചറിയുന്നു.<br>– നിഴലും, വെളിച്ചവും കൃത്യമായി വിന്യസിക്കുന്നു<br>– ഉചിതമായ മാധ്യമം തെരഞ്ഞെടുക്കുന്നു.(ജലച്ചായം, ക്രയോൺസ്, ഓയിൽ പേസ്റ്റ്, ആക്രിലിക്) | മൂന്ന് വർഷം | ചിത്രകല അദ്ധ്യാപകൻ | |
| 3. | മനുഷ്യരൂപം ഉൾപ്പെട്ട ചിത്രങ്ങൾ വരക്കുന്നു. കുട്ടികൾ കഴിവുനേടുന്നു | 8,9,10 | – നിത്യജീവിതത്തിലും ചിത്രകലയിലും മനുഷ്യ രൂപങ്ങളുടെ ഘടന, ചലനാത്മകത, പ്രായം, വേഷം എന്നിവ കുട്ടികൾ വരക്കുന്നു.<br>– കുട്ടികൾ മനുഷ്യരൂപങ്ങളുടെ മനോചിത്രം രൂപപ്പെടുന്നു.<br>– ആശയങ്ങൾക്ക് യോജിച്ചിട്ടുള്ള പശ്ചാത്തലം വരക്കുന്നു.<br>– കുട്ടികളുടെ പ്രതികരണം, ചർച്ച അതിന്റെ ക്രോഡീകരണം.<br>– കുട്ടികൾ വരച്ച ചിത്രങ്ങൾ അവർതന്നെ വിലയിരുത്തുന്നു.<br>– വരച്ച ചിത്രങ്ങൾ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുന്നു. | 3 വർഷം | ചിത്രകലാ അധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4 | ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ചിത്രം വരക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | | - കുട്ടികൾ സോഫ്റ്റ്‌വെയറുകൾ തെരഞ്ഞെടുക്കുന്നു.<br>- മൗസ് ഉപയോഗിച്ച് രേഖാചിത്രങ്ങൾ വരക്കുന്നു. (Tools, layers)<br>- നിറങ്ങൾ നൽകുന്നു.<br>- നിഴലും വെളിച്ചവും രേഖപ്പെടുത്തുന്നു.<br>- ചിത്രങ്ങൾ പ്രിന്റ് എടുക്കുന്നു. പ്രദർശിപ്പിക്കുന്നു, ചർച്ച നടത്തുന്നു.<br>- ചിത്രത്തിലെ ന്യൂനതകൾ പരിഹരിച്ച് അവയെ വീണ്ടും മികവുറ്റതാക്കാൻ പരിശ്രമിക്കുന്നു. | 3 വർഷം | ചിത്രകല അദ്ധ്യാപകൻ | 3000 |
| 5. | സ്റ്റീൽ ക്യാമറ, വീഡിയോക്യാമറ ഇവ ഉപയോഗിച്ച് ചിത്രീകരണം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | 8,9,10 | - പ്രശസ്തമായ ഫോട്ടോഗ്രാഫുകളുടെ കോപ്പികൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>- ലാൻഡ്സ്കേപ്പ്, പോർട്രെയിറ്റ്, സ്റ്റീൽ ലൈഫ് തുടങ്ങിയ ഉപയോഗിക്കുന്നു.<br>- ക്യാമറയിലുള്ള ചിത്രങ്ങൾ, കമ്പ്യൂട്ടർ, പ്രിന്റർ, ലാബ് എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്തുന്നു.<br>- വീഡിയോ ക്യാമറ, എഡിറ്റിംഗ്, സൗണ്ട് മിക്സിംഗ്, ടൈറ്റലിംഗ്, ഡബ്ബിംഗ് ഷൂട്ടിംഗ്, ക്യാമറാ ആംഗിൾ, ടൈംലൈൻ എന്നിവ ഉപയോഗിക്കുന്നു.<br>- പൂർണ്ണമായും ഐ.ടി.സി. സാധ്യതകൾ ഉപയോഗിക്കുന്നു. | 3 വർഷം | ചിത്രകല അദ്ധ്യാപകൻ & ഐ.ടി. അദ്ധ്യാപകൻ | |
| 6. | ചിത്ര, ശില്പകലാചരിത്രത്തെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നു. | 8,9,10 | - ചിത്രശേഖരണം(ചിത്രകലയും, ശില്പകലയും)<br>- ചിത്രകാരൻമാർ, ശില്പികൾ ഇവയും ഫോട്ടോപ്രിന്റുകൾ തയ്യാറാക്കൽ.<br>- റഫറൻസ് ഗ്രന്ഥങ്ങൾ.<br>- ഭാരതീയ കലാചരിത്രത്തെക്കുറിച്ച് ചർച്ച<br>- ഐ.ടി.സി. സാധ്യതകൾ ഉപയോഗിക്കുന്നു.<br>- ശേഖരിച്ച ഡോക്യുമെന്റുകളുടെ പ്രദർശനം.<br>- ശില്പ, ചിത്രശേഖരണത്തിലേക്ക് യാത്രയും, കുറിപ്പ്-ആൽബം തയ്യാറാക്കൽ. | 3 വർഷം | ചിത്രകല അദ്ധ്യാപകൻ | |

അക്കാദമികം — പ്രവൃത്തി പരിചയ പഠനം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവൃത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളുടെയും ശേഷിയും കഴിവും വളർത്തിയെടുക്കുകയും തൊഴിലിനോട് ആഭിമുഖ്യവും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്ന സാമൂഹ്യബോധമുള്ള പുതിയ തലമുറയെ വാർത്തെടുക്കുക. | 8,9,10 | ഓരോ പാഠഭാഗത്തെയും ആസ്പദമാക്കി ഒറ്റയ്ക്കും കൂട്ടമായും ഓരോ പ്രവർത്തികൾ ചെയ്യുന്നതിലൂടെ ജീവിതനൈപുണികളും (ഹശളല സെശഹഹഹ) മനോഭാവങ്ങളും (മഭേശേൗറലെ) കണ്ടെത്തുന്നു. പ്രോൽസാഹിപ്പിക്കുന്നു. | 1 വർഷം | പ്രവൃത്തി പഠന ടീച്ചർ | 3000 |
| 2. | പ്രവൃർത്തി പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പഠന മേഖലകൾ നിത്യ ജീവിതത്തിൽ കുട്ടികൾക്കും സമൂഹത്തിനുമാവശ്യമായ അടിസ്ഥാന ജീവിത ഘടകവുമായി ബന്ധപ്പെട്ടിരിക്കണം. | 8,9,10 | ക്ലാസ്സിൽ മേളകൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിൽ നിന്നും ഓരോ ഇനത്തിലേക്കും കുട്ടികളെ തിരഞ്ഞെടുക്കുകയും പരിശീലനം നടത്തുകയും ചെയ്യണം. | വർഷം മുഴുവൻ | പ്രവൃത്തി പഠന ടീച്ചർ മറ്റ് അദ്ധ്യാപകർ | 4000 |
| 3. | തൊഴിലിനോട് അഭിരുചി വളർത്തുവാൻ സഹായകരമായ അനുഭവമായിരിക്കണം | 8,9,10 | ഏതുവിഷയത്തിലാണ് കുട്ടിക്ക് താല്പര്യമുള്ളത് ആ വിഷയത്തിൽ പ്രാപ്തരാക്കുവാൻ സാധിക്കുന്നു. | ഓരോ ടേം | പ്രവൃത്തി പരിചയ അദ്ധ്യാപിക രക്ഷിതാവ് | 1000 |
| 4. | ജാതി, വർഗ്ഗലിംഗ ഭേദമില്ലാതെ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതായിരിക്കണം പ്രവർത്തി പഠനം | 8,9,10 | ഓരോവിഷയമേഖലകളെയും അടിസ്ഥാനമാക്കി ഓരോ മേഖലകളാക്കി തിരിച്ച് പഠനഭാഗങ്ങളാക്കുന്നു. ഓരോ പഠനഭാഗത്തിലുമുള്ള വർക്കുകൾ കുട്ടികൾ ചെയ്യുന്നു. അതിൽ നിന്ന് ഓരോരുത്തരുടെയും കഴിവുകൾ, മനോഭാവം എന്നിവ മനസ്സിലാക്കുന്നു. | 3 ടേം | അദ്ധ്യാപിക രക്ഷിതാവ് പൂർവ്വവിദ്യാർത്ഥികൾ | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ക്ലാസ്സുകൾ | 8,9,10 | ഇന്റർനെറ്റിൽ നിന്നുള്ള വിവരശേഖരണം, വീഡിയോ കാണിക്കൽ | എല്ലാവർഷവും | അദ്ധ്യാപിക | |
| 6. | നിരന്തരമൂല്യ നിർണ്ണയവും പരിഹാര ബോധനവും | 8,9,10 | മാസപ്പരീക്ഷകൾ പിന്നോക്കക്കാരെ കണ്ടെത്തൽ മുന്നോക്കകാർക്ക് പ്രത്യേക പരിശീലനം | വർഷം മുഴുവൻ | അദ്ധ്യാപിക | 1000 |
| 7. | രക്ഷകർത്ത് ശാക്തീകരണം | രക്ഷിതാക്കൾ | ബോധവൽക്കരണ ക്ലാസ്സുകൾ, പി. ടി. എ., പ്രാദേശിക പി.ടി.എ.കൾ. മത്സരങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | Education Department | 5000 |
| | | | | | | |

| അക്കാദമികം | ആരോഗ്യകായിക വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി തിരഞ്ഞെടുത്ത രണ്ടോ മൂന്നോ കളികൾ. എല്ലാ കുട്ടികൾക്കും പരിശീലനം നൽകാൻ അവസരം നൽകുക | 8,9,10 | ബാഡ്മിന്റൺ, ഖൊ–ഖൊ, വോളിബോൾ പോലെയുള്ള മേജർ ഗെയിമുകളും കായികശേഷിയും, ആരോഗ്യവും ഉറപ്പുവരുത്തുന്ന രീതിയിലുള്ള മൈനർ ഗെയിമുകളും പരിശീലിപ്പിക്കുന്നു. | 1 വർഷം | കായിക അദ്ധ്യാപകർ | 2000/- |
| 2. | കുട്ടികളുടെ കായികാഭിരുചിക്കനുസരിച്ച് ഓരോ ഇനങ്ങളിലും പരിശീലനം നടത്താൻ അവസരം നൽകുക. | 8,9,10 | രാവിലെയും, വൈകുന്നേരവും കായിക പരിശീലനം നടത്തുന്നു. വ്യത്യസ്ഥ ഇനങ്ങൾ തിരിച്ച് പരിശീലനം ചെയ്യിപ്പിക്കുന്നു. | 1–3 വർഷം തുടർച്ചയായി നൽകണം | കായികാദ്ധ്യാപകർ, സ്കൂൾ, പി.ടി.എ. | 5000/- |
| 3. | കുട്ടികളുടെ പ്രകടനങ്ങൾക്കുള്ള വേദികൾ സൃഷ്ടിക്കുക. | 8,9,10 | സ്കൂൾ തലത്തിൽ കായികമേളകൾ സംഘടിപ്പിക്കുക. ഹൗസ് അടിസ്ഥാനത്തിൽ ഗെയിംസ് നടത്തുക. ഇതിൽ കളിക്കാരായും, കാണികളായും, സംഘാടകരായും, ഒഫീഷ്യൽസായും കുട്ടികളെക്കൂടി ഉൾപ്പെടുത്തുക. | ഒരുടേമിൽ ഏതെങ്കിലും രണ്ടുദിവസം | കായികാദ്ധ്യാപകർ, പി.ടി.എ., സ്കൂൾ | 3000/- |
| 4. | അന്വേഷണാത്മക പ്രവർത്തനങ്ങൾ നടത്തുന്നതിനു താല്പര്യം ഉണ്ടാക്കിയെടുക്കുക. | 8,9,10 | അന്യം നിന്നുപോയിക്കൊണ്ടിരിക്കുന്ന നാടൻ കളികളെ കണ്ടെത്തി, അവയുടെ പ്രത്യേകതകൾ കണ്ടെത്തി, സമൂഹത്തിനും കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കുന്ന തരത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നു. മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | കായികാദ്ധ്യാപകർ, സ്കൂൾ, പി.ടി.എ. | 3000/- |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുവിവിധ മേഖലകളിലൂടെ പ്രവർത്തനങ്ങളും മറ്റും ചെയ്യാൻ അവസരം നൽകുന്നു | 8,9,10 | ഓരോപ്രവർത്തനങ്ങളും വ്യത്യസ്ഥ കായികക്ഷമതാഘടകങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്നും ഇതിൽനിന്നും ആരോഗ്യ സംബന്ധിയായ കായികക്ഷമതാഘടകങ്ങളും, പ്രകടനസംബന്ധിയായ കായികക്ഷമതാഘടകവും ഏതെല്ലാമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. | ഓരോ ടേമിലും | പി.ഇ.ടി | 3000/- |
| 6. | ആധുനീക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കാൻ അവസരം ഒരുക്കൽ കായികതാരങ്ങളെ പരിചയപ്പെടുത്തൽ | 8,9,10 | കമ്പ്യൂട്ടറിന്റെ സഹായത്തോടെ കുട്ടികൾക്ക് പ്രവർത്തനങ്ങൾ (കളികൾ, ഗെയിമുകൾ) കാണിച്ചുകൊടുക്കുന്നു. ഓരോ കളിയുമായി ബന്ധപ്പെട്ടുള്ള കളിക്കാരെ പരിചയപ്പെടുത്തുന്നു. | എല്ലാ വർഷവും ഒരു ടേമിൽ | പി.ഇ.ടി | |
| | | | | | | |

| ഭൗതികം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | ക്ലാസ്സ് ലൈബ്രറികളുടെ സജ്ജീകരണം | 8,9,10 | പുസ്തക ശേഖരണം, പുതിയ പുസ്തകങ്ങൾ വാങ്ങൽ, സജ്ജീകരിക്കൽ.<br>(Mal, Eng, Hindi, Skt) | 1-2 Years | class teachers lang. teachers S.R.G., P.T.A | 25000 |
| 2. | സ്കൂൾ ലൈബ്രറി നവീകരണം, വായനാമുറി സജ്ജീകരണം | 8,9,10 | പുസ്തകം വാങ്ങൽ, സജ്ജീകരണം<br>digitalization | 1-2 Years | P.T.A., Management, Old students | 25000 |
| 3. | സ്കൂളിന് പുതിയ കെട്ടിടവും ഹൈടെക് ക്ലാസ്സ് മുറികളും | 8,9,10 | എല്ലാ ഡിവിഷനുകളും ഹൈടെക് ക്ലാസ്സ് മുറികളാക്കി സജ്ജീകരിക്കൽ | 2-5 Years | P.T.A., Management, Old students,teachers, MP fund,MLA fund S.S.A. | 2 crors |
| 4. | Science lab, Science library എന്നിവയുടെ നിർമ്മാണം | 8,9,10 | പ്രത്യേകമുറി, പരീക്ഷണ സ്ഥലം, പരീക്ഷണ ഉപകരണങ്ങൾ, എന്നിവ സജ്ജമാക്കൽ, പഠന ബോധന മാതൃകകൾ ശേഖരിക്കൽ, ശാസ്ത്രപുസ്തകങ്ങൾ, മാസികകൾ ലഭ്യമാക്കൽ | 1-5 Years | Science teachers | 5 Lack |
| 5. | സാമൂഹ്യശാസ്ത്ര ലാബ് | 8,9,10 | വ്യത്യസ്ഥ മേഖലാ മപ്പുകൾ, ഗ്ലോബുകൾ, ശാസ്ത്രപുസ്തകങ്ങൾ എന്നിവ കൃത്യമായി തരംതിരിച്ച് ക്രമപ്പെടുത്തി ഉപയോഗിക്കാനുള്ള സംവിധാനമൊരുക്കൽ | 1-2 Years | PTA management SSA | 7 Lack |
| 6. | ഗണിത ലാബ് | 8,9,10 | | 1-2 Years | PTA management SSA | 7 Lack |
| 7. | ഐ. ടി. ലാബ് എല്ലാ കമ്പ്യൂട്ടറിലും നെറ്റ് കണക്ഷൻ | 8,9,10 | വിവിധ സോഫ്റ്റ്വെയറുകളുടെ ഉപയോഗം, ജീവിതത്തിൽ പ്രയോജനപ്പെടുത്തൽ, പുതിയ സാങ്കേതിക വിദ്യകളുടെ കാലാനുസൃതമായ ഉപയോഗം തിരിച്ചറിയൽ,സോഫ്റ്റ് വെയർ ഇൻസ്റ്റലേഷൻ, ഹാർഡ്വെയർ വർക്ക് ഷോപ്പ്സ് - വിവരവിനിമയവും കൈമാറ്റവും. ലൈഫ് മാനേജ്മെന്റ് എക്സ്ട്രാ. | 1-2 Years | PTA management SSA,MLA fund MP fund പൂർവ്വവിദ്യാർത്ഥികൾ HM, SITC | 20 Lack |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 8. | മീഡിയ ഹാൾ & ഓഡിറ്റോറിയം | മുഴുവൻ വിദ്യാർത്ഥികൾ PTA | കോൺഫറൻസുകൾ, ചർച്ച, സെമിനാർ, നാടകം, ഫിലിംഷോ കലാമേള എക്സ്ട്രാ. പൊതുഅവതരണത്തിനുള്ള വേദി | 1-5 Years | P.T.A, Management, SSA, MLA fund, MP fund, പൂർവ്വവിദ്യാർത്ഥികൾ HM, SRG | 40 lacks |
| 9. | ആർട്ട് ഗ്യാലറി | 8, 9, 10 | ലോകപ്രശ്സ്തമായ ചിത്രകാരുടെ ചിത്രങ്ങളുടെ ശേഖരണവും, പ്രദർശനം, വിദ്യാർത്ഥികളുടെ ചിത്രങ്ങളുടെ പ്രദർശനം. | 1-5 Years | P.T.A, Management, SSA, MLA fund, MP fund, പൂർവ്വവിദ്യാർത്ഥികൾ HM, SRG,Drawing to | 5 lacks |
| 10. | സ്പോർട്സ് റൂം & യോഗ ക്ലാസ്സ് റൂം | 8, 9, 10 | സ്പോർട്സ് ഉപകരണങ്ങൾ സൂക്ഷിക്കുക. യോഗ ക്ലാസ്സുകൾ, പരിശീലനങ്ങൾ | 1-2 Years | P.T.A, Management, SSA, MLA fund, MP fund, പൂർവ്വവിദ്യാർത്ഥികൾ HM, SRG,.... | 4 lacks |
| 11. | വിദ്യാർത്ഥികൾ നിർമ്മിച്ച ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറി | 8, 9, 10 | പ്രവൃത്തിപരിചയ ക്ലസുകളിലും മേളകളിലും വച്ച് തയ്യാറാകുന്ന ഉല്പന്നങ്ങളുടെ പ്രദർശനം, വിപണനം എക്സ്ട്രാ. | 1-2 Years | P.T.A, Management, SSA, MLA fund, MP fund, പൂർവ്വവിദ്യാർത്ഥികൾ HM, SRG,.... | 4 lacks |
| 12. | പാചകപ്പുരയും, ഊണുമുറിയും | മുഴുവൻ വിദ്യാർത്ഥികൾക്കും | സുരക്ഷിതവും ആധുനീക സൗകര്യങ്ങളോടുകൂടിയതുമായ പാചകപ്പുരയും, ഉച്ചഭക്ഷണം കഴിക്കുന്നതിനാവശ്യമായ ഇരിപ്പിടങ്ങൾ, പാത്രങ്ങൾ, കുടിവെള്ളം എന്നിവ ലഭ്യമാകുന്ന ഊണുമുറി. (ഹാൾ) | 1-5 Years | P.T.A, Management, HM, teachers ജനപ്രതിനിധികൾ | 5 lacks |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 13. | സ്റ്റോറും | സ്കൂൾ ആവശ്യങ്ങൾ | പഴയ ഫയലുകൾ, സ്കൂൾ ഉപകരണങ്ങൾ എക്സ്ട്രാ. എന്നിവ സൂക്ഷിക്കൽ | 1-5 Years | P.T.A, Management, HM, teacher ജനപ്രതിനിധികൾ HM, SRG | 5 lacks |
| 14. | ടോയിലറ്റ് , Hi-tec toilet She- toilet | 8, 9, 10 | പുതിയ ടോയിലറ്റ് സമുച്ചയം (Vendering Machine & Incinerator) | 1-5 Years | | |
| 15. | Retrement room (rest room) | 8, 9, 10 | അവശരും, രോഗികളുമായ വിദ്യാർത്ഥികൾക്ക് വിശ്രമ സൗകര്യം | 1-5 Years | P.T.A, Management, HM, teacher ജനപ്രതിനിധികൾ HM, SRG | 4 lacks |
| 16. | സ്കൂളിനു സ്വന്തമായ വാഹനം | 8, 9, 10 | ബസ് സൗകര്യമില്ലാത്ത മലയോര മേഖലയിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം. എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്ക്ഹാജർ നില വിദ്യാഭ്യാസഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തൽ | 1-5 Years | P.T.A, Management, HM, teacher ജനപ്രതിനിധികൾ HM, SRG | |
| 17. | play ground നവീകരണം | | വിവധ ഗെയിമുകൾക്ക് യോജിച്ച വിധത്തിൽ കളിസ്ഥലം ഒരുക്കുന്നു. | 1-2 Years | P.T.A, Management, വിവിധ സാമൂഹിക ജനപ്രതിനിധികൾ | 2 lacks |
| 18. | ചുറ്റുമതിൽ നിർമ്മാണം | | സ്കൂളിനു ചുറ്റും മതിൽ, സ്കൂൾ സുരക്ഷിതത്വം | 1-5 Years | P.T.A, Management, വിവിധ സാമൂഹിക ജനപ്രതിനിധികൾ | 10 lacks |
| 19. | SciencePark, Bio-diversity park butterfly - park, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം | 8, 9, 10 | പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ, കൃഷി പരിശീലനങ്ങൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്നു. സ്ഥലം കണ്ടെത്തൽ, രൂപകല്പന ചെയ്യൽ | 1-3 Years | Clubs, P.T.A, SRG class teachers | 2lacks |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 20. | മഴവെള്ള സംഭരണി | മുഴുവൻ വിദ്യാർത്ഥികൾക്ക് | സ്ഥല, ജല, മാനേജ്മെന്റ് പ്രവർത്തനങ്ങൾ, ജലസംരക്ഷണ അവബോധം | 1 Years | P.T.A, Management, വിവിധസാമൂഹിക സംഘടനകൾ, ജനപ്രതിനിധികൾ | 2 lacks |

| സാമൂഹികം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. | നാട്ടറങ്ങുകൾ സംഘടിപ്പിക്കുക | കുട്ടികൾ, പ്രാദേശിക സമൂഹം, PTA | ആചാരങ്ങൾ, ആഘോഷങ്ങൾ, കൃഷിരീതികൾ, പഴഞ്ചൊല്ലുകൾ, പ്രാദേശിക ചരിത്രം, ഐതീഹ്യങ്ങൾ, നാടൻ പാട്ടുകൾ എന്നിവ ശേഖരണം അവതരണം, നാടൻ കലകളുടെ അവതരണം. | വർഷം മുഴുവൻ | അധ്യാപകർ, പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ,സന്നദ്ധ സംഘടകൾ | 50,000 |
| 2. | പ്രാദേശിക തൊഴിൽ വൈവിധ്യത്തെക്കുറിച്ച് അന്വേഷണം, വിവരശേഖരണം. | കുട്ടികൾ, പ്രാദേശിക സമൂഹം, | തൊഴിൽ മേഖലകളെക്കുറിച്ചുള്ള അന്വേഷണം, ക്രോഡീകരണം, അവതരണം, റിപ്പോർട്ട് , ഫീൽഡ് ട്രിപ്പുകൾ | വർഷം മുഴുവൻ | അധ്യാപകർ, പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ,സന്നദ്ധ സംഘടകൾ | 10,000 |
| 3. | ടൂറിസം സാധ്യതകൾ - “നാടിനെ അറിയാൻ” | കുട്ടികൾ, പ്രാദേശിക സമൂഹം, | നാടിന്റെ പൈതൃകത്തെ സംരക്ഷിക്കുന്ന വിധത്തിൽ പ്രാദേശികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളെയും ടൂറിസം സാധ്യതകളെയും സംബന്ധിച്ച് പഠനവും, റിപ്പോർട്ട് സമർപ്പിക്കലും | 1 Years | അധ്യാപകർ, പി.ടി.എ., പഞ്ചായത്ത്, DTPC | 50,000 |
| 4. | ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക | പൊതു സമൂഹം | ശാസ്ത്രനിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അന്ധവിശ്വാസങ്ങളെയും പ്രകൃതി പ്രതിഭാസങ്ങളെയും വിശദീകരിക്കൽ, സാമൂഹിക അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ, പരീക്ഷണങ്ങൾ | 1 -5 Years | SRG, Science club , Scientists, Science teacher | 50,000 |
| 5. | പരിസ്ഥിതി സൗഹൃദശാസ്ത്രപഠനവും, ആരോഗ്യസംരക്ഷണവും | 8, 9, 10 | വിദഗ്ദരുടെ ക്ലാസ്സുകൾ, പ്രത്യേക പരിശീലനങ്ങൾ, പഠനയാത്ര, പ്രകൃതി സംരക്ഷണ മെഡിക്കൽ ക്യാമ്പുകൾ, വാക്സിനേഷൻ, ജലസംരക്ഷണം, മാലിന്യസംസ്കരണം, വനവൽക്കരണം | 3 Years | പഞ്ചായത്ത്, Health club, PHC | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 6. | മാലിന്യ വിമുക്ത പരിസരം പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ, ഭക്ഷ്യ സ്വയം പര്യാപ്തത. സ്ഥലജല ഉപയോഗം, പ്ലാസ്റ്റിക്, ഇ-വെയ്സ്റ്റ് നിർമ്മാർജ്ജനം | സമൂഹം | ഉറവിട മാലിന്യ സംസ്കരണ രീതികൾ, ജൈവകൃഷി, തട്ടുകൃഷി, മഴവെള്ളക്കൊയ്ത്ത്, അടുക്കളത്തോട്ടം, തരിശുഭൂമിയിലെ, ടെറസ്സിലെ കൃഷി.<br>മഴവെള്ള സംഭരണികൾ, പ്ലാസ്റ്റിക്കിന്റെ നിയന്ത്രിത ഉപയോഗം, സഹജീവി മനോഭാവം രൂപപ്പെടൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ. | വർഷം മുഴുവൻ | വിദ്യാർത്ഥി സമൂഹം, അധ്യാപകർ, പഞ്ചായത്ത് സന്നദ്ധസംഘടനകൾ | 5000 |
| 7. | ശാത്രമേളകളിലെ പങ്കാളിത്തം | 8, 9, 10 | മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, തുടർ പരിശീലനങ്ങൾ. | വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ PTA, SRG, BRC | 50000 |
| 8. | ഉപരിപഠന സാധ്യകൾ - ബോധവൽക്കരണം | 8, 9, 10 രക്ഷിതാക്കൾ, സമൂഹം | സമകാലിക പ്രസക്തിയുള്ള കോഴ്സുകളും ഉദ്യോഗങ്ങളും പരിചയപ്പെടൽ, മത്സരപ്പരീക്ഷകൾ പരിചയപ്പെടൽ Memory training കോഴ്സുകൾ. | വർഷത്തിൽ | PTA, SRC പൂർവ്വ വിദ്യാർത്ഥികൾ Management | പഞ്ചായത്ത് അധ്യാപകർ |
| 9. | പഞ്ചായത്ത് തലത്തിലുള്ള റിസോഴ്സ് സെന്ററുകൾ | വിദ്യാർത്ഥികൾ അധ്യാപകർ സമൂഹം | റിസോഴ്സ് സെന്ററുകൾ കേന്ദ്രമാക്കി വിവര സമാഹരണം, പങ്കിടൽ (വിവിധ വിഷയങ്ങൾ) | | | പഞ്ചായത്ത് അധ്യാപകർ |
| 10. | വിദ്യാർത്ഥികളിൽ സാമൂഹിക അവബോധം സൃഷ്ടിക്കൽ | 8, 9, 10 | പൊതു നന്മ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുക.<br>സാമൂഹിക നീതിക്കായി പോരാടുക.<br>സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുക.<br>ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.<br>സന്മാർഗിക ബോധം പ്രതിഫലിപ്പിക്കുക. | | PTA അധ്യാപകർ വിവിധ ക്ലബ്ബുകൾ സംഘടകൾ | 10000 |
| | | | | | | |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 13. | സ്റ്റോറും | സ്കൂൾ ആവശ്യങ്ങൾ | പഴയ ഫയലുകൾ, സ്കൂൾ ഉപകരണങ്ങൾ എക്സ്ട്രാ. എന്നിവ സൂക്ഷിക്കൽ | 1-5 Years | P.T.A, Manage-ment, HM, teacher ജനപ്രതിനിധികൾ HM, SRG | 5 lacks |
| 14. | ടോയിലറ്റ് , Hi-tec toilet She- toilet | 8, 9, 10 | പുതിയ ടോയിലറ്റ് സമുച്ചയം (Vendering Machine & Incinera-tor) | 1-5 Years | | |
| 15. | Retrement room (rest room) | 8, 9, 10 | അവശരും, രോഗികളുമായ വിദ്യാർത്ഥികൾക്ക് വിശ്രമ സൗകര്യം | 1-5 Years | P.T.A, Manage-ment, HM, teacher ജനപ്രതിനിധികൾ HM, SRG | 4 lacks |
| 16. | സ്കൂളിനു സ്വന്തമായ വാഹനം | 8, 9, 10 | ബസ് സൗകര്യമില്ലാത്ത മലയോര മേഖലയിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം. എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്ക്ഹാജർ നില വിദ്യാഭ്യാസഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തൽ | 1-5 Years | P.T.A, Manage-ment, HM, teacher ജനപ്രതിനിധികൾ HM, SRG | |
| 17. | play ground നവീകരണം | | വിവധ ഗെയിമുകൾക്ക് യോജിച്ച വിധത്തിൽ കളിസ്ഥലം ഒരുക്കുന്നു. | 1-2 Years | P.T.A, Manage-ment, വിവിധ സാമൂഹിക ജനപ്രതിനിധികൾ | 2 lacks |
| 18. | ചുറ്റുമതിൽ നിർമ്മാണം | | സ്കൂളിനു ചുറ്റും മതിൽ, സ്കൂൾ സുരക്ഷിതത്വം | 1-5 Years | P.T.A, Manage-ment, വിവിധ സാമൂഹിക ജനപ്രതിനിധികൾ | 10 lacks |
| 19. | SciencePark, Bio-diversity park butterfly - park, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം | 8, 9, 10 | പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ, കൃഷി പരിശീലനങ്ങൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്നു. സ്ഥലം കണ്ടെത്തൽ, രൂപകല്പന ചെയ്യൽ | 1-3 Years | Clubs, P.T.A, SRG class teachers | 2lacks |

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 20. | മഴവെള്ള സംഭരണി | മുഴുവൻ വിദ്യാർത്ഥികൾക്ക് | സ്ഥല, ജല, മാനേജ്മെന്റ് പ്രവർത്തനങ്ങൾ, ജലസംരക്ഷണ അവബോധം | 1 Years | P.T.A, Management, വിവിധസാമൂഹിക സംഘടനകൾ, ജനപ്രതിനിധികൾ | 2 lacks |